# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6732 — 09.11.2016- ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>" ആർ. രാമചന്ദ്രൻ<br>" വി.ആർ. സുനിൽ കുമാർ<br>" ഇ.കെ.വിജയൻ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) പല സഹകരണ സ്ഥാപനങ്ങളിലെയും ഓഡിറ്റ് കാര്യക്ഷമമല്ലാത്തത് മൂലം സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് 2016 ഏപ്രിൽ മാസത്തിൽ 18290 സംഘങ്ങളുടെ 20680 ആഡിറ്റ് നടത്തേണ്ടതുണ്ടായിരുന്നു. 2016 സെപ്റ്റംബർ മാസം വരെ 13797 ആഡിറ്റ് പൂർത്തീകരിച്ചിരുന്നു. ഇത് 66.93% ആണ്. 3 ജില്ലകൾ 100% ആഡിറ്റ് പൂർത്തീകരിക്കുകയും മറ്റ് ജില്ലകളിലെ ബാക്കിനിൽക്കുന്ന ആഡിറ്റ് 12/2016 ൽ പൂർത്തീകരിക്കുന്നതുമാണ്. മുൻ വർഷം 17899 സംഘങ്ങളുടെ 19732 ആഡിറ്റിൽ 31.03.2016 ൽ 17360 ആഡിറ്റ് പൂർത്തിയാക്കിയിരുന്നു. ആയത് 90.19 ശതമാനമാണ്. ആഡിറ്റ് വിഭാഗത്തിൽ 214 ആഡിറ്റർമാരുടെ ഒഴിവുകൾ നികത്താനുണ്ടെങ്കിലും ലഭ്യമായ ആഡിറ്റർമാരെകൊണ്ട് 31.12.2016 നകം മുഴുവൻ ആഡിറ്റും 100% പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഘങ്ങളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന വീഴ്ചകൾ യഥാസമയം ആഡിറ്റിൽ ചൂണ്ടിക്കാണിക്കുന്നതിനാൽ അവ പരിഹരിക്കുന്നതിന് സംഘങ്ങൾ നടപടി സ്വീകരിക്കുകയും ആയത് ഭരണവിഭാഗം വിലയിരുത്തുന്നതുമാണ്. കൂടാതെ മുൻവർഷത്തെ ആഡിറ്റിൽ പരാമർശിച്ച ന്യൂനതകളെ സംബന്ധിച്ച തുടർനടപടി തൻവർഷത്തെ ആഡിറ്റിലും ആഡിറ്റർമാർ വിലയിരുത്തുന്നതുമാണ്. സഹകരണ സ്ഥാപനങ്ങളിലെ ആഡിറ്റ് കാര്യക്ഷമമാണ്. |

.......2

| | |
|---|---|
| ബി) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് അതാത് വർഷം സെപ്റ്റംബർ മാസം തന്നെ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാലാണ് ടി സമയപരിധിയിൽ മുഴുവൻ ആഡിറ്റും പൂർത്തീകരിക്കാൻ കഴിയാത്തത്. നിലവിലുള്ള ആഡിറ്റർമാരുടെ ഒഴിവുകൾ പൂർണ്ണമായും നികത്തിയാൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ "ആപ്കോസ്" സംഘങ്ങളുടെ ആഡിറ്റിൽ 26.39% ആഡിറ്റ് മാത്രമേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളൂ. ടി വിഭാഗത്തിൽ ആകെ 101 തസ്തികകളുള്ളതിൽ 67 ആഡിറ്റർമാരെ മാത്രമേ നിയമിച്ചിട്ടുള്ളൂ. ബാക്കി 34 ആഡിറ്റർമാരുടെ തസ്തിക കഴിഞ്ഞ ഒരു വർഷമായി ഒഴിഞ്ഞു കിടക്കുകയാണ്. 31.03.2017 ന് മുൻപ് 'ആപ്കോസ്' ആഡിറ്റ് സമകാലീനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിലേക്കായി 18 സമകാലീന ആഡിറ്റർമാരുടെ തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. താലൂക്ക് തലത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെയും ജോയിന്റ് ഡയറക്ടർമാരുടെയും നേതൃത്വത്തിൽ ഓരോ മാസവും പ്രവർത്തി അവലോകനം നടത്തിവരുന്നുണ്ട്. പൊതു നിർദ്ദേശങ്ങൾ നൽകുന്നതിനായി സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ആഡിറ്റിന്റെ കാര്യക്ഷമതയും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് എല്ലാ ത്രൈമാസങ്ങളിലും ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ യോഗങ്ങൾ ആഡിറ്റ് ഡയറക്ടർ വിളിച്ച് ചേർക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**